പതിമൂന്നാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1357 — 4.12.2014-ൽ മറുപടിയ്ക്ക്

ഭക്ഷ്യ-പൊതുവിതരണ വകുപ്പിൻ കീഴിൽ മിഷൻ 676-ൽ ഉൾപ്പെടുത്തിയ പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.വി.അബ്ദുൾ ഖാദർ | ശ്രീ.അനൂപ് ജേക്കബ്<br>ഭക്ഷ്യവും, സിവിൽ സപ്ളൈസും,<br>ഉപഭോക്തൃകാര്യ സംരക്ഷണവും,<br>രജിസ്ട്രേഷനും വകുപ്പ് മന്ത്രി |

| | |
|---|---|
| എ) ഭക്ഷ്യപൊതുവിതരണ വകുപ്പിൻ കീഴിൽ മിഷൻ 676-ൽ ഉൾപ്പെടുത്തിയ പദ്ധതികൾ ഏതെല്ലാമാണ് ; ഇവ ഓരോന്നിനും എന്ത് തുക വീതം നീക്കിവച്ചിട്ടുണ്ട്, ബഡ്ജറ്റ് വിഹിതത്തിന് പുറമേയാണോ ഇത് ; | എ) ഭക്ഷ്യപൊതുവിതരണ വകുപ്പിന്റെ കീഴിൽ താഴെ പറയുന്ന പദ്ധതികളാണ് മിഷൻ 676-ൽ ഉൾപ്പെടുത്തിയിട്ടുള്ളത്.<br>1) സപ്ളൈകോയുടെ സംസ്ഥാനത്തെ എല്ലാ വില്പനകേന്ദ്രങ്ങൾ വഴിയും 13 ഇനം അവശ്യ ഭക്ഷ്യ വർഗ്ഗങ്ങൾ സബ്സിഡി അനുവദിച്ച് റേഷൻ കാർഡിന്റെ അടിസ്ഥാനത്തിൽ, '60 ലക്ഷത്തോളം കുടുംബങ്ങൾക്ക് വിതരണം ചെയ്യുന്ന പദ്ധതി'. (ഇത് ഒരു തുടർ പദ്ധതിയാണ്).<br>2) രണ്ട് വർഷത്തിനുള്ളിൽ സംസ്ഥാനത്തെ പൊതുവിതരണ ശൃംഖല പൂർണ്ണമായും കമ്പ്യൂട്ടർ വത്ക്കരിക്കുന്ന പദ്ധതി. അവശ്യസാധനങ്ങൾ ലഭ്യമാക്കുന്നതിനായി 300 കോടി രൂപയാണ് ആവശ്യമായിട്ടുള്ളത്. ഈ പദ്ധതി നടപ്പിലാക്കുന്നതിനായി ബഡ്ജറ്റിൽ 65 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. പൊതുവിതരണ ശൃംഖല പൂർണ്ണമായും കമ്പ്യൂട്ടർവത്ക്കരിക്കുന്നതിന് 498.96 കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്. കേന്ദ്ര സംസ്ഥാന സർക്കാറുകൾ 50:50 അനുപാതത്തിലാണ് ടി പദ്ധതിക്ക് സാമ്പത്തിക സഹായം നൽകുന്നത്. 2014-15 സാമ്പത്തിക വർഷം സംസ്ഥാന സർക്കാർ ടി പദ്ധതിക്കായി നീക്കിവച്ചിരിക്കുന്ന ബഡ്ജറ്റ് വിഹിതം 20 കോടി രൂപയാണ്. |
| ബി) എല്ലാ പദ്ധതികളുടെയും പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ ; പണി പൂർത്തിയാക്കിയ ഏതെങ്കിലും പദ്ധതിയുണ്ടോ; ഇതുവരെ പണി ആരംഭിച്ചിട്ടില്ലാത്ത പദ്ധതികൾ ഏതെല്ലാം? | ബി) അവശ്യസാധനങ്ങൾ സപ്ളൈകോ വഴി പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നത് ഒരു തുടർ പദ്ധതിയാണ്. പൊതുവിതരണ ശൃംഖല കമ്പ്യൂട്ടർവത്ക്കരിക്കുന്ന പദ്ധതി 2 വർഷത്തിനുള്ളിൽ പൂർത്തിയാക്കുവാനാണ് ഉദ്ദേശിക്കുന്നത്. ആയതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ